"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റിയിലെ താൽക്കാലിക ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ശ്രീവിദ്യ.കെ.കെ-യുടെ നിയമനം - സ്പെഷ്യൽ ഓഫീസറുടെ നടപടി സാധുകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1078/2024/AGRI തീയതി, തിരുവനന്തപുരം, 18-11-2024

പരാമർശം:- 1. സ.ഉ.(പി)നം.28/2016/ധന തീയതി 26.02.2016.

2. സ.ഉ. (പി)നം.56/2017/ധന തീയതി 28.04. 2017.

3. സ.ഉ.(പി)നം.112/2018/ധന തീയതി 21.07.2018.

4. സ.ഉ. (പി)നം.81/2019/ധന തീയതി 09.07.2019.

5. സ.ഉ.(പി)നം.29/2021/ധന തീയതി 11.02.2021.

6. സർക്കുലർ നം. 61/2022/ധന തീയതി 22. 07.2022.

7. തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി സ്പെഷ്യൽ ഓഫീസറുടെ 17.04.2023-ലെ എ.03(15)/2023/ടി.പി.കെ.ഡി.എ നമ്പർ നടപടിക്രമം.

8. തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി സ്പെഷ്യൽ ഓഫീസറുടെ 18.04.2023-ലെ എ.03(15)/2023/ടി.പി.കെ.ഡി.എ നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി ഓഫീസിൽ ദൈനംദിന കാര്യങ്ങൾ ചെയ്യുന്നതിന് ഒരു ഓഫീസ് അറ്റൻഡന്റിന്റെ സേവനം ഒഴിച്ചുകൂടാനാവാത്തതിനാൽ തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന നിയമന നടപടികൾ സ്വീകരിക്കുകയും, തൃശ്ശൂർ പൊന്നാനി കോൾ വികസന അതോറിറ്റി ഓഫീസിൽ വച്ച് തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ലഭ്യമാക്കിയ ഉദ്യോഗാർത്ഥികളുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി.ശ്രീവിദ്യ.കെ.കെ [കണ്ടംപറമ്പത്ത് ചാലിൽ ഹൗസ്, പുല്ലൂട്ട്.പി.ഒ, കൊടുങ്ങല്ലൂർ, തൃശ്ശൂർ-680663] എന്നയാളെ തിരഞ്ഞെടുത്ത് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 179 ദിവസത്തേയ്ക്ക് പ്രതിമാസം 18,390/-രൂപ [പതിനെണ്ണായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം] വേതനത്തിൽ താൽക്കാലികമായി നിയമിച്ച് പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത താൽക്കാലിക നിയമനത്തിന് സാധുകരണം

നൽകണമെന്ന് പരാമർശം (8) പ്രകാരം സ്പെഷ്യൽ ഓഫീസർ കൂടിയായ തൃശ്ശൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റിയിലെ ഓഫീസ് അറ്റൻഡന്റായി ശ്രീമതി.ശ്രീവിദ്യ.കെ.കെ [കണ്ടംപറമ്പത്ത് ചാലിൽ ഹൗസ്, പുല്ലൂറ്റ്.പി.ഒ, കൊടുങ്ങല്ലൂർ, തൃശ്ശൂർ-680663] എന്നയാളെ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 179 ദിവസത്തേയ്ക്ക് പ്രതിമാസം 18,390/-രൂപ [പതിനെണ്ണായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം] വേതനത്തിൽ താൽക്കാലികമായി നിയമിച്ച തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി സ്പെഷ്യൽ ഓഫീസറായ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) മുതൽ (6) വരെയുള്ള ഉത്തരവുകളിലെയും സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 90 ദിവസത്തിലധികമായ എല്ലാ താൽക്കാലിക നിയമനത്തിനും സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ & സ്പെഷ്യൽ ഓഫീസർ, തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി, ചെമ്പൂക്കാവ്.പി.ഒ, തൃശ്ശൂർ.
ശ്രീമതി.ശ്രീവിദ്യ.കെ.കെ, ഓഫീസ് അറ്റൻഡന്റ് (താൽക്കാലിക നിയമനം), തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി, ചെമ്പൂക്കാവ് പി.ഒ, തൃശ്ശൂർ. (സ്പെഷ്യൽ ഓഫീസർ, തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-എ) വകുപ്പ് [11.11.2024-ലെ 2913390/അഗ്രി-എ2/150/2024-ധന പ്രകാരം]
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [അഗ്രി-ഐ.എഫ്.എ2/125/2023-അഗ്രി]

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 18-11-2024 15:23:16
സെക്ഷൻ ഓഫീസർ